പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T 3117 — 18.06.2019-ൽ മറുപടിക്ക്

## നദികളിൽ മണൽ ഓഡിറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ : | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പ്രളയത്തിനുശേഷം നദികളിൽ മണൽ ഓഡിറ്റ് നടത്തുന്നതിനായി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) പ്രളയത്തിനുശേഷം നദികളിൽ മണൽ ഓഡിറ്റ് നടത്തുന്നതിനായി താഴെ പറയുന്ന ഏജൻസികളെയാണ് സർക്കാർ ചുമതല പ്പെടുത്തിയിരിക്കുന്നത്.<br>1. പമ്പ നദി C-Graf, ഫ്യൂച്ചർ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ്, കേരള സർവ്വകലാശാല, തിരുവനന്തപുരം<br>2. പെരിയാർ, മൂവാറ്റുപുഴ : ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കോളജിക്കൽ സയൻസസ്, കോട്ടയം<br>3. ചാലിയാർ: സെന്റർ ഫോർ സോഷ്യൽ ആന്റ് റിസോഴ്സ് ഡവലപ്പ്മെന്റ്, തൃശ്ശൂർ<br>4. കടലുണ്ടി: ജിയോടെക്നിക്കൽ എൻജിനീയറിംഗ് ആന്റ് കൺസൾട്ടൻസി സർവ്വീസസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി<br>5. ഇത്തിക്കര :ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റൂറൽ ഡവലപ്പ്മെന്റ് : തിരുവനന്തപുരം<br>6. ഭാരതപ്പുഴ & ഗായത്രിപ്പുഴ<br>1) ഡിപ്പാർട്ട്മെന്റ് ഓഫ് ജിയോളജി ആന്റ് എൻവയോൺമെന്റൽ സയൻസ് , ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട<br>2) അഗ്രികൾച്ചർ ആന്റ് ഇക്കോ സിസ്റ്റം മാനേജ്മെന്റ് ഗ്രൂപ്പ് , തിരുവനന്തപുരം<br>3) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് , വടകര, കോഴിക്കോട്<br>4) ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്പ്മെന്റ്, തിരുവനന്തപുരം |

| | | |
|---|---|---|
| (ബി) | പ്രസ്തുത മണൽ ഓഡിറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (ബി) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം വകുപ്പ് 9 (എ.ബി) പ്രകാരം നദികളിൽ മണൽവാരൽ അനുവദിക്കാവുന്ന കടവോ നദീതീരമോ കണ്ടെത്തുക, ഒരു കടവിൽ നിന്നോ നദീതീരത്ത് നിന്നോ ശാസ്ത്രീയമായി വാരാവുന്ന മൊത്തം മണലിന്റെ അളവ് നിശ്ചയിക്കുക എന്നിവയും 2002-ലെ നദീസംരക്ഷണ ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം നദീസംരക്ഷണം ഉറപ്പ് വരുത്തുകയുമാണ് സാന്റ് ഓഡിറ്റിന്റെ പ്രധാന ലക്ഷ്യങ്ങൾ. |
| (സി) | സർക്കാർ ഇതിനായി എത്ര തുകയാണ് ഏജൻസികൾക്ക് നൽകിയത്;വ്യക്തമാക്കുമോ? | (സി) പമ്പ, പെരിയാർ, മൂവാറ്റുപുഴ, ചാലിയാർ, കടലുണ്ടി എന്നി നദികളിൽ സാന്റ് ആഡിറ്റ് നടത്തുന്നതിന് കിലോമീറ്ററിന് 14,000/- രൂപ നിരക്കും, ഇത്തിക്കരയുടെ സാന്റ് ആഡിറ്റിന് കിലോമീറ്ററിന് 10,000/- രൂപയുമാണ് 24.01.2019-ലെ സർക്കാർ ഉത്തരവ് (സാധാ) നം.254/2019/റവന്യൂ പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. അതൊടൊപ്പം ഡിജിറ്റൈസേഷൻ നടത്തുന്നതിന് നദി ഒന്നിന് 50,000/- രൂപയും നിശ്ചയിച്ചിട്ടുണ്ട്. ഭാരതപ്പുഴയുടെ സാന്റ് ആഡിറ്റ് നടത്തുന്നതിന് കിലോമീറ്ററിന് 20000/- രൂപയും ഡിജിറ്റൈസേഷൻ നടത്തുന്നതിന് ഓരോ നദീഭാഗത്തിനും 50,000/- രൂപയുമാണ് 23.05.2019-ലെ സ.ഉ(സാധാ) നം.1180/2019/റവന്യൂ പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. ഗായത്രിപ്പുഴയുടെ സാന്റ് ആഡിറ്റ് നടത്തുന്നതിന് കിലോമീറ്ററിന് 11,000/- രൂപയാണ് 24.10.2017-ലെ സ.ഉ(സാധാ) നം.355/2017/റവന്യൂ പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. സാന്റ് ആഡിറ്റിംഗ് നടത്തുന്നതിന്റെ മൊബിലൈസേഷൻ അഡ്വാൻസായി പാലക്കാട് ജില്ലയിൽ നിന്നും 3 ലക്ഷം രൂപയും കൊല്ലം ജില്ലയിൽ നിന്നും 1 ലക്ഷം രൂപയും ചേർത്ത് 4 ലക്ഷം രൂപയാണ് ഇതുവരെ ഏജൻസികൾക്ക് നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**